**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1189** **10-10-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ നവീകരണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ നവീകരണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ- ചങ്ങനാശ്ശേരി റോഡിന്റെ നവീകരണ പ്രവൃത്തിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>1) റോഡ് പ്രവൃത്തികൾ - (15.79 km GSB 16.08 Km WMM, 20.30 km DBM, 9.13km BC എന്നിവ പൂർത്തീകരിച്ചു.<br>2) 13 കലുങ്കുകൾ പുനർനിർമ്മിച്ചു.<br>3) 4 Flyover, 3 Causewayപൂർത്തീകരിച്ചു.<br>4) കിടങ്ങറ, നെടുമുടി എന്നീ പാലങ്ങൾ വീതിക്കൂട്ടി.<br>5) 821 m സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്<br>6) നടപ്പാത-27.81 km പൂർത്തീകരിച്ചു.<br>7) Pedestrian guard rail – 1351 m പൂർത്തീകരിച്ചു.<br>8) പള്ളാത്തുരുത്തി ബോട്ട് ടെർമിനൽ പൊളിച്ച് മാറ്റി. പള്ളാത്തുരുത്തി പാല ത്തിന്റെ ഗർഡർ പണികൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു.<br>9) പണ്ടാരക്കുളം ഫ്ലൈ ഓവറിന്റെ 8 ഗർഡറുകളിൽ 6 എണ്ണം പൂർത്തിയായി.<br>10) W beam crash barrier - 4400m പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം വഴി കുട്ടനാടൻ ജനതയ്ക്കും, ടൂറിസത്തിനും ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | സ്ഥിരമായി മഴക്കാലത്ത് ജലനിരപ്പ് ഉയർന്ന് വാഹന ഗതാഗതം തടസ്സപ്പെടുന്ന 5 സ്ഥലങ്ങളിൽ 1.795 കി.മീ നീളത്തിൽ ഫ്ളൈ ഓവറുകളും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 17.266 കി.മീ നീളത്തിൽ റോഡിന്റെ ഇരുവശത്തും 1.5 മീ. വീതിയിൽ നടപ്പാതയും 10 മീ. വീതിയിൽ റോഡ് പ്രതലവും ഉണ്ടായിരിക്കുന്നതാണ്. 3 വലിയ പാലത്തിന്റെ നീളവും വീതിയും കൂട്ടൽ, മുട്ടാർ പാലത്തിന്റെ പുനർനിർമ്മാണം, |

| | | | | |
|---|---|---|---|---|
| | | | | 400 മീ. നീളത്തിൽ causeway യും പദ്ധതിയുടെ ഭാഗമാണ്.<br><br>നിലവിൽ നടപ്പാത ഇല്ലാതെ സ്ഥിതി ചെയ്യുന്ന പാലങ്ങൾക്ക് സമാന്തരമായി നടപ്പാതകളും, കലുങ്കുകളുടെ വീതി കൂട്ടലും, 65 പുതിയ കലുങ്കുകളുടെ നിർമ്മാണവും നിലവിലുള്ള 13 കലുങ്കുകളുടെ പുനർനിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി റോഡ് സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ക്രാഷ് ബാരിയർ, റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ തുടങ്ങി അനുബന്ധ റോഡ് സുരക്ഷാക്രമീകരണങ്ങൾ പദ്ധതിയുടെ ഭാഗമാണ്. മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാവുകയും ദീർഘനാളുകൾ ഗതാഗതം ഒഴിവാക്കുകയും ചെയ്യുന്ന സാഹചര്യത്തെ മറികടക്കുവാനും കുട്ടനാടൻ - അപ്പർകുട്ടനാടൻ മേഖലയിലെ കാർഷികരംഗം അഭിവൃദ്ധി പ്പെടുത്തുവാനും എ.സി റോഡ് നവീകരണത്തിലൂടെ സാധ്യമാകും. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായ ആലപ്പുഴയിലേയും പരിസരങ്ങളിലേയും സഞ്ചാരികളുടെയും വരവ് വർദ്ധിപ്പിക്കാനും പദ്ധതി സഹായിക്കും. |

സെക്ഷൻ ഓഫീസർ